**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്തുകൾ വഴി ജാതി കൃഷിയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ)നം.3066/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം 10/11/2016**

**പരാമർശം** :- 1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) 26.09.2016 തീയതിയിലെ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ കത്ത്.

3) 27.09.2016 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം നമ്പർ 3.31 തീരുമാനം.

**ഉത്തരവ്**

പരാമർശം (2) -ലെ കത്ത് പ്രകാരം പഞ്ചായത്തുകൾ വഴി ജാതി കൃഷിയ്ക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് നിലവിലെ ഉത്തരവിൽ ജാതി കൃഷിയെ കൂടി ഉൾപ്പെടുത്തണമെന്നും ടി കൃഷിയ്ക്ക് മൈക്രോ സെക്ടർ കോഡ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

2. പരാമർശം (3) -ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാന പ്രകാരം പരാമർശം (1) -ലെ മാർഗ്ഗരേഖാ ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.1.1, 3.1.4 പ്രകാരമുള്ള സബ്സിഡി ജാതി കൃഷിയ്ക്ക് കൂടി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ആയതിന് വേണ്ട മൈക്രോ ഹെഡ് ഇൻഫർമേഷൻ കേരള മിഷൻ (IKM) അനുവദിച്ച് നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്**:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസ്സിന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ്സിന്

**ഉത്തരവിൻ പ്രകാരം**

Saradadevi

സെക്ഷൻ ഓഫീസർ.